# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1593 — 04.10.2016 ൽ മറുപടിക്ക്.

## ചെക്ക് പോസ്റ്റുകളിലെ അഴിമതി

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | എ) | കേരളത്തിലെ പ്രധാനപ്പെട്ട 7 ചെക്ക്പോസ്റ്റുകൾ ആധുനിക സംവിധാനങ്ങളോടു കൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥലം ലഭ്യമായ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നിവിടങ്ങളിൽ ആദ്യ ഘട്ടത്തിൽ ഇത്തരം ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br>നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്കപോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ്. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുന്നതിനാൽ വാഹനം സെന്ററിനുള്ളിലേയ്ക്ക് കടന്നു വരുമ്പോൾ ഓരോ വകുപ്പുകളും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തി വിടാൻ സാധിക്കുന്നു. |

<table>
<tr><td></td><td></td><td></td><td>സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു.</td></tr>
<tr><td>ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ ചെക്ക് പോസ്റ്റുകളിൽ നടത്തിയ വിജിലൻസ് പരിശോധനകൾ സംബന്ധിച്ച വിശദാംശം നൽകുമോ;</td><td rowspan="2">ബി & സി)</td><td rowspan="2">സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചെക്ക് പോസ്റ്റുകളിൽ നടത്തിയ വിജിലൻസ് പരിശോധനകളുടെയും നടപടിയ്ക്ക് വിധേയരായ ഉദ്യോഗസ്ഥരുടെയും വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>മിന്നൽ പരിശോധനാ നമ്പർ</th><th>ചെക്ക് പോസ്റ്റ്</th><th>നടപടിയ്ക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരം</th></tr>
<tr><td>(1)</td><td>(2)</td><td>(3)</td><td>(4)</td></tr>
<tr><td>1</td><td>എസ്.സി. 46/2016/പി.കെ.ഡി</td><td>മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, വേലന്താവളം</td><td>1. ശ്രീ.എം.ആർ.സജീവ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>2. ശ്രീ.കെ.സജിത്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>3. ശ്രീ.പ്രേംനിസാർ.എ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>4. ശ്രീ.വി.ഭവദാസ്, ഓഫീസ് അറ്റൻഡന്റ്</td></tr>
<tr><td>2</td><td>എസ്.സി. 48/2016/പി.കെ.ഡി</td><td>വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, വേലന്താവളം</td><td>1. ശ്രീ.എൻ.നസീം, കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ<br>2..ശ്രീ.ഇ.പ്രഭാകരൻ, കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ<br>3. ശ്രീ.സി.എം.മൊയ്തീൻ, ക്ലറിക്കൽ അറ്റൻഡന്റ്<br>4. ശ്രീ.മോഹനൻ, ഓഫീസ്</td></tr>
</table></td></tr>
<tr><td>സി)</td><td>ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് പരിശോധന നടത്തിയതെന്നും എത്ര ജീവനക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അറ്റൻഡന്റ്<br>5. ശ്രീ.അജീഷ് കുമാർ.പി.എസ്, ഓഫീസ് അറ്റൻഡന്റ്<br>കുറ്റക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| | | | 3 | എസ്.സി. 39/2016/പി.കെ.ഡി | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, ഗോവിന്ദപുരം | 1. ശ്രീ.ധനേഷ്.കെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ<br>2. ശ്രീ.സന്തോഷ് കുമാർ, ഓഫീസ് അറ്റൻഡന്റ് |
| | | | 4 | എസ്.സി. 30/2016/കെ.എസ്.ഡി | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, മഞ്ചേശ്വരം | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| | | | 5 | എസ്.സി. 32/2016/കെ.എസ്.ഡി | അദൂർ ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| | | | 6 | എസ്.സി. 42/2016/കെ.എൻ.ആർ | ഇരിട്ടി വാണിജ്യ നികുതി ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| | | | 7 | എസ്.സി. 27/2016/ ഡബ്ല്യൂ.വൈ.ഡി | മുത്തങ്ങ വാണിജ്യ നികുതി ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| | | | 8 | എസ്.സി. 08/2016/എസ്.ആർ.റ്റി | അമരവിള ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |
| | | | 9 | എസ്.സി. 18/2016/എസ്.ആർ.റ്റി | അമരവിള ചെക്ക് പോസ്റ്റ് | ക്രമക്കേടുകൾ കണ്ടെത്തിയില്ല |

**സെക്ഷൻ ഓഫീസർ**